# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.123/PR/PIC/PHQ/14 Date : 22.06.2014

---

## അമിത പലിശ: നാലുപേർകൂടി അറസ്റ്റിൽ

അമിത പലിശയ്ക്ക് നിയമവിരുദ്ധമായി പണം കൊടുത്തു നിയമലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് ഞായറാഴ്ച (22-06-2014) 47 റെയ്ഡുകൾ നടത്തിയതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഇതേത്തുടർന്ന് നാലുപേർ പോലീസ് പിടിയിലായി. 14 കേസുകൾ രജിസ്റ്റർ ചെയ്തു. ഇതോടെ ഇതുവരെയായി അമിതപലിശക്കാർക്കെതിരെ നടന്ന 10964-ലേറെ റെയ്ഡുകളിലായി 861 -പേർ പിടിയിലായി. 1730 കേസുകൾ ആകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അമിത പലിശക്കാരെക്കുറിച്ചും അനധികൃത പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ചും പോലീസ് നടത്തുന്ന അന്വേഷണത്തിന്റെയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരത്തിന്റെയും അടിസ്ഥാനത്തിലുള്ള കർശന പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാനപോലീസ് മേധാവി അറിയിച്ചു.

*************